# ഹോളീ ഹംസത്തിന്റെ പരിഭാഷ

ഇന്ന് സാഗരനായ ബാബ ഹോളീഹംസങ്ങളുടെ സംഘടനയെ കണ്ടു കൊണ്ടിരിക്കുകയാണ്. ഹോളീ ഹംസം അർത്ഥം സ്വച്ഛതയും വിശേഷതയുമുള്ള ആത്മാക്കൾ. സ്വച്ഛത അർത്ഥം മനസ്സാ, വാചാ, കർമ്മണാ, സംബന്ധത്തിൽ സർവ്വതിലും പവിത്രത. പവിത്രതയുടെ ലക്ഷണമാണ് സദാ വെള്ള നിറം കാണിക്കുന്നത്. നിങ്ങൾ ഹോളീഹംസങ്ങളും വെള്ള വസ്ത്രധാരി, ശുദ്ധമായ ഹൃദയം അർത്ഥം സ്വച്ഛത സ്വരൂപരാണ്. ശരീരം-മനസ്സ്, ഹൃദയം കൊണ്ട് സദാ കറയറ്റത് അർത്ഥം സ്വച്ഛമാണ്. ആരെങ്കിലും ശരീരം കൊണ്ട് അർത്ഥം പുറമേ നിന്ന് എത്ര തന്നെ സ്വച്ഛമാണെങ്കിലും ശുദ്ധമാണെങ്കലും മനസ്സ് കൊണ്ട് ശുദ്ധമല്ലായെങ്കിൽ, സ്വച്ഛമല്ലായെങ്കിൽ പറയും ആദ്യം മനസ്സിനെ ശുദ്ധമാക്കൂവെന്ന്. ശുദ്ധമായ മനസ്സ് അഥവാ സത്യമായ ഹൃദയത്തിൽ ബാബ സന്തുഷ്ടമാകുന്നു. അതോടൊപ്പം ശുദ്ധമായ ഹൃദയമുള്ളവരുടെ സർവ്വ മനോകാമനകളും പൂർത്തീകരിക്കപ്പെടുന്നു. ഹംസത്തിന്റെ വിശേഷത സ്വച്ഛത അർത്ഥം ശുദ്ധതയാണ്, അതിനാൽ നിങ്ങൾ ബ്രാഹ്മണാത്മാക്കളെ ഹോളീഹംസങ്ങൾ എന്ന് പറയുന്നു. ചെക്ക് ചെയ്യൂ- ഹോളീ ഹംസ ആത്മാവായ എനിക്ക് 4 കാര്യങ്ങളിലും അർത്ഥം ശരീരം- മനസ്സ്- ഹൃദയം-സമ്പർക്കത്തിൽ സ്വച്ഛതയുണ്ടോ? സമ്പൂർണ്ണ സ്വച്ഛത അഥവാ പവിത്രത തന്നെയാണ് ഈ സംഗമയുഗത്തിൽ സർവ്വരുടെയും ലക്ഷ്യം അതിനാലാണ് നിങ്ങൾ ബ്രാഹ്മണർ തന്നെ ദേവതമാരെ സമ്പൂർണ്ണ പവിത്രതയുള്ളവർ എന്ന് പറയപ്പെടുന്നത്. കേവലം നിർവ്വികാരി മാത്രമല്ല എന്നാൽ സമ്പൂർണ്ണ നിർവ്വികാരി എന്ന് പറയുന്നു. 16 കലാ സമ്പന്നരെന്നാണ് പറയുന്നത്. 16 കല എന്ന് മാത്രമല്ല പറയുന്നത് എന്നാൽ അതിൽ സമ്പന്നം. നിങ്ങളുടെ തന്നെ ദേവതാ രൂപത്തിനാണ് മഹിമയുള്ളത് എന്നാൽ എപ്പോഴാണ് ആയത്? ബ്രാഹ്മണ ജീവിതത്തിലാണോ അതോ ദേവതാ ജീവിതത്തിലാണോ? ആകേണ്ട സമയം ഇപ്പോൾ സംഗമയുഗമാണ് അതിനാൽ ചെക്ക് ചെയ്യൂ- എത്രത്തോളം അർത്ഥം എത്ര ശതമാനം സ്വച്ഛത അർത്ഥം പവിത്രത ധാരണ ചെയ്തു?

ശരീരത്തിന്റെ സ്വച്ഛത അർത്ഥം സദാ ഈ ശരീരത്തെ ആത്മാവിന്റെ ക്ഷേത്രമാണെന്ന് മനസ്സിലാക്കി ആ സ്മൃതിയിൽ സ്വച്ഛമാക്കി വയ്ക്കുക. മൂർത്തി എത്രത്തോളം ശ്രേഷ്ഠമാണോ അത്രത്തോളം ക്ഷേത്രവും ശ്രേഷ്ഠമാകുന്നു. അതിനാൽ നിങ്ങൾ ശ്രേഷ്ഠമായ മൂർത്തികളാണ് അതോ സാധാരണമാണോ? ബ്രാഹ്മണാത്മാക്കൾ മുഴുവൻ കല്പത്തിലും നമ്പർവൺ ശ്രേഷ്ഠാത്മാക്കളാണ്. ബ്രാഹ്മണരുടെ മുന്നിൽ ദേവതമാരും സ്വർണ്ണത്തിന് തുല്യമാണ്, ബ്രാഹ്മണർ വജ്ര സമാനമാണ്. അതിനാൽ നിങ്ങൾ സർവ്വരും വജ്രത്തിന്റെ മൂർത്തികളാണ്. എത്ര ഉയർന്നവരായി. തന്റെ സ്വമാനത്തെയറിഞ്ഞ് ഈ ശരീരമാകുന്ന ക്ഷേത്രത്തെ സ്വച്ഛമാക്കി വയ്ക്കൂ. ലളിതമായിരിക്കണം എന്നാൽ സ്വച്ഛവും. ഈ വിധിയിലൂടെ ശരീരത്തിന്റെ പവിത്രത സദാ ആത്മീയ സുഗന്ധത്തിന്റെ അനുഭവം ചെയ്യിക്കും. അങ്ങനെയുള്ള സ്വച്ഛത, പവിത്രത എത്രത്തോളം ധാരണ ചെയ്തു? ദേഹബോധത്തിലൂടെ സ്വച്ഛതയുണ്ടാകുന്നില്ല എന്നാൽ ആത്മാവിന്റെ ക്ഷേത്രമാണെന്ന് മനസ്സിലാക്കുന്നതിലൂടെ സ്വച്ഛമാക്കി വയ്ക്കുന്നു. ഈ ക്ഷേത്രവും ബാബ നിങ്ങൾക്ക് സംരക്ഷിക്കാനും, കർമ്മം ചെയ്യാനും വേണ്ടി നല്കിയിരിക്കുന്നു. ഈ ക്ഷേത്രത്തിന്റെ ട്രസ്റ്റിയാക്കി. നിങ്ങൾ തന്റെ ശരീരം, മനസ്സ് , ധനം സർവ്വതും നല്കിയില്ലേ. ഇപ്പോൾ നിങ്ങളുടേതല്ല. എന്റെ എന്ന് പറയുമോ അതോ നിന്റേത് (ബാബ) എന്ന് പറയുമോ? ട്രസ്റ്റി എന്ന ബോധം സ്വതവേ തന്നെ നഷ്ടോ മോഹാ അർത്ഥം സ്വച്ഛതയെയും പവിത്രതയെയും കൊണ്ടു വരുന്നു. മോഹത്തിലൂടെ സ്വച്ഛതയുണ്ടാകുന്നില്ല, എന്നാൽ ബാബയാണ് സേവനം നല്കിയിരിക്കുന്നത് എന്ന് മനസ്സിലാക്കി ശരീരത്തെ സ്വച്ഛവും, പവിത്രതവുമാക്കി വയ്ക്കുന്നോ അതോ തനിക്ക് തോന്നുന്ന രീതിയിലാണോ നടത്തിക്കുന്നത്? സ്വച്ഛതയും ആത്മീയതയുടെ ലക്ഷണമാണ്.

അതേപോലെ മനസ്സിന്റെ സ്വച്ഛത അഥവാ പവിത്രത ഇതിന്റെയും ശതമാനം നോക്കൂ. മുഴുവൻ ദിനത്തിൽ യാതൊരു പ്രകാരത്തിലുമുള്ള അശുദ്ധമായ സങ്കല്പം മനസ്സിൽ വന്നുവെങ്കിൽ അതിനെ സമ്പൂർണ്ണ സ്വച്ഛതയെന്ന് പറയില്ല. മനസ്സിനുള്ള ബാപ്ദാദായുടെ നിർദ്ദേശമാണ്- മനസ്സിനെ എന്നിൽ അർപ്പിക്കൂ അഥവാ വിശ്വ സേവനത്തിൽ അർപ്പിക്കൂ. മൻമനാഭവ എന്ന മന്ത്രത്തെ സദാ സ്മൃതിയിൽ വയ്ക്കൂ. ഇതിനെയാണ് പറയുന്നത് മനസ്സിന്റെ സ്വച്ഛത അഥവാ പവിത്രത. മറ്റെവിടെയെങ്കിലും മനസ്സ് അലയന്നുണ്ടെങ്കിൽ അലയുക അർത്ഥം അസ്വച്ഛത. ഈ വിധിയിലൂടെ ചെക്ക് ചെയ്യൂ- എത്ര ശതമാനം സ്വച്ഛത ധാരണയായി? വിസ്താരം അറിയാമല്ലോ?

മൂന്നാമത്തെ കാര്യം- ഹൃദയത്തിന്റെ സ്വച്ഛത. ഇതും അറിയാം- സത്യത തന്നെയാണ് ശുദ്ധത. തന്റെ സ്വഉ

ന്നതി അർത്ഥം ഏത് പുരുഷാർത്ഥമാണോ, എങ്ങനെയുള്ള പുരുഷാർത്ഥമാണോ, അത് സത്യതയോടെ ബാബയുടെ മുന്നിൽ വയ്ക്കുക. അതിനാൽ ഒന്ന്- സ്വയത്തിന്റെ പുരുഷാർത്ഥത്തിന്റെ സ്വച്ഛത. രണ്ടാമത്- സേവനം ചെയ്യുമ്പോൾ സത്യമായ ഹൃദയത്തോടെ എത്രമാത്രം സേവനം ചെയ്തു കൊണ്ടിരിക്കുന്നു, അതിന്റെ സ്വച്ഛത. ഏതെങ്കിലും സ്വാർത്ഥതയോടെയാണ് സേവനം ചെയ്യുന്നതെങ്കിൽ അതിനെ സത്യമായ സേവനം എന്ന് പറയില്ല. അതിനാൽ സേവനത്തിലും സത്യതും ശുദ്ധതയും എത്രത്തോളമുണ്ട്? ചിലർ ചിന്തിക്കുന്നുണ്ട്- സേവനം ചെയ്യുക തന്നെ വേണം. ലൗകീക ഗവൺമെന്റിന്റെ ഡ്യൂട്ടി പോലെ, സത്യമായ ഹൃദയത്തോടെ ചെയ്യാം, ഗത്യന്തരമില്ലാതെ ചെയ്യാം, അലസരായി ചെയ്യാം, ചെയ്യേണ്ടി വരുന്നുണ്ടല്ലോ. എങ്ങനെയെങ്കിലും 8 മണിക്കൂർ ചെയ്യുന്നു. അതേപോലെ ഈ ആൾമൈറ്റി ഗവൺമെന്റിലൂടെ ഡ്യൂട്ടി ലഭിച്ചിരിക്കുന്നു- അങ്ങനെ മനസ്സിലാക്കി സേവനം ചെയ്യുന്നതിനെ സത്യമായ സേവനം എന്ന് പറയില്ല. ഡ്യൂട്ടിയായല്ല എന്നാൽ ബ്രാഹ്മണാത്മാക്കളുടെ യഥാർത്ഥ സംസ്ക്കാരം തന്നെ സേവനമാണ്. അതിനാൽ സംസ്ക്കാരം സ്വതവേ തന്നെ സത്യമായ സേവനമില്ലാതെയിരിക്കാൻ അനുവദിക്കില്ല. അതിനാൽ ചെക്ക് ചെയ്യൂ- സത്യമായ ഹൃദയം കൊണ്ട് അർത്ഥം ബ്രാഹ്മണ ജീവിതത്തിന്റെ സ്വതവേയുള്ള സംസ്ക്കാരത്തിലൂടെ എത്ര ശതമാനം സേവനം ചെയ്തു? ഇത്രയും മേള ചെയ്തു. ഇത്രയും കോഴ്സ് എടുത്തു എന്നാൽ സ്വച്ഛതയുടെയും പവിത്രതയുടെയും ശതമാനം എത്രത്തോളമുണ്ടായിരുന്നു? ഡ്യൂട്ടിയല്ല എന്നൽ യഥാർത്ഥമായ സംസ്ക്കാരമാണ്, സ്വ-ധർമ്മമാണ്, സ്വ-കർമ്മമാണ്.

നാലാമത്തെ കാര്യം- സംബന്ധത്തിൽ സ്വച്ഛത. ഇതിന്റെ സാര രൂപത്തിൽ വിശേഷിച്ചും ചെക്ക് ചെയ്യൂ- സന്തുഷ്ടതയാകുന്ന സ്വച്ഛത എത്ര ശതമാനമുണ്ട്? മുഴുവൻ ദിനത്തിൽ വ്യത്യസ്ഥമായ ആത്മാക്കളുമായി സംബന്ധം ഉണ്ടാകുന്നു. മൂന്ന് പ്രകാരത്തിലുള്ള സംബന്ധത്തിൽ വരുന്നു. ഒന്ന്- ബ്രാഹ്മണ പരിവാരത്തിന്റെ, രണ്ട്- വരുന്ന വിദ്യാർത്ഥികളായ ആത്മാക്കളുടെ, മൂന്നാമത്തേത്- ലൗകീക പരിവാരത്തിന്റെ. മൂന്ന് സംബന്ധങ്ങളിൽ മുഴുവൻ ദിനത്തിൽ സ്വയത്തിന്റെ സന്തുഷ്ടത, സംബന്ധത്തിൽ വരുന്ന മറ്റാത്മാക്കളുടെ സന്തുഷ്ടതയുടെ ശതമാനം എത്രത്തോളമായിരുന്നു? സന്തുഷ്ടയുടെ ലക്ഷണണമാണ് സ്വയവും മനസ്സ് കൊണ്ട് ഭാരരഹിതമായിരിക്കും, സന്തോഷത്തോടെയിരിക്കും, മറ്റുള്ളവരും സന്തുഷ്ടരാകും. അസന്തുഷ്ടതയുടെ ലക്ഷണമാണ്- സ്വയം മനസ്സ് കൊണ്ട് ഭാരമുള്ളതായിരിക്കും. സത്യമായ പുരുഷാർത്ഥിയാണെങ്കിൽ അടിക്കടി ആഗ്രഹിക്കാതെ തന്നെ ഈ സങ്കല്പം വന്നു കൊണ്ടിരിക്കും- ഇങ്ങനെ സംസാരിക്കാതിരുന്നെങ്കിൽ, ചെയ്യാതിരുന്നെങ്കിൽ നല്ലതായിരുന്നുവെന്ന്. ഇങ്ങനെ പറഞ്ഞിരുന്നെങ്കിൽ, ചെയ്തിരുന്നെങ്കിൽ- ഇത് വന്നു കൊണ്ടിരിക്കും. അലസരായ പുരുഷാർത്ഥിക്ക് ഇതും വരില്ല. അതിനാൽ ഈ ഭാരം സന്തോഷത്തോടെയിരിക്കാൻ അനുവദിക്കില്ല, ഭാര രഹിതമായിരിക്കാൻ അനുവദിക്കില്ല. സംബന്ധത്തിന്റെ സ്വച്ഛത അർത്ഥം സന്തുഷ്ടത. ഇത് തന്നെയാണ് സംബന്ധത്തിന്റെ സത്യതയും ശുദ്ധതയും അതിനാൽ നിങ്ങൾ പറയുന്നു- സത്യം ഒരിക്കലും മറഞ്ഞിരിക്കില്ലയെന്ന്. അർത്ഥം സത്യതയുള്ളവർ സദാ സന്തോഷത്തിൽ നൃത്തം ചെയ്തു കൊണ്ടേയിരിക്കും. അതിനാൽ കേട്ടോ, ഹോളീഹംസത്തിന്റെ പരിഭാഷ? സത്യതയുടെ സ്വച്ഛതയില്ലായെങ്കിൽ ഹംസമാണ് എന്നാൽ ഹോളീഹംസമല്ല. അതിനാൽ ചെക്ക് ചെയ്യൂ- സമ്പന്നവും സമ്പൂർണ്ണവും എന്ന് മഹിമ പാടുന്നുണ്ടല്ലോ അത് എത്രത്തോളമായി? ഡ്രാമയനുസരിച്ച് ഇന്ന് ശരീരത്തിന്റെ കർമ്മ കണക്ക് സമാപ്തമായിയെങ്കിൽ എത്ര ശതമാനം പാസാകും? അതോ ഡ്രാമയോട് പറയുമോ -കുറച്ച് സമയം കാത്തിരിക്കൂവെന്ന്. ചെറിയ പ്രായമുള്ളവർ പോകില്ല എന്ന് ചിന്തിച്ചു കൊണ്ടിരിക്കുകയല്ലല്ലോ? എവർറെഡിയുടെ അർത്ഥമെന്താണ്? ഇനിയും 10-11 വർഷം ഉണ്ടെന്ന് പറഞ്ഞ് സമയത്തെ കാത്തിരിക്കുകയല്ലല്ലോ? കൂടുതൽ പേരും 2000ത്തിന്റെ കണക്കാണ് ചിന്തിക്കുന്നത്. എന്നാൽ സൃഷ്ടിയുടെ വിനാശത്തിന്റെ കാര്യം വേറെയാണ്, സ്വയത്തെ എവർറെഡിയാക്കി വയ്ക്കുക എന്നത് വേറെ കാര്യമാണ്. അതിനാൽ ഇത് അതുമായി കൂട്ടി കലർത്തരുത്. വ്യത്യസ്ഥ ആത്മാക്കൾക്ക് വ്യത്യസ്ഥമായ പാർട്ടാണ് ഉള്ളത് അതിനാൽ ഞാൻ അഡ്വാൻസ് പാർട്ടിയിൽ ഇല്ലല്ലോ അല്ലെങ്കിൽ എനിക്ക് വിനാശത്തിന് ശേഷവും പാർട്ടുണ്ടല്ലോ എന്ന് ചിന്തിക്കരുത്. ചില ആത്മാക്കൾക്കുണ്ട് അതിനുള്ള പാർട്ടുണ്ട്, എന്നാൽ ഞാൻ എവർറെഡിയായിരിക്കണം. ഇല്ലായെങ്കിൽ അലസതയുടെ അംശം പ്രകടമാകും. എവർറെഡിയായിട്ടിരിക്കൂ പിന്നെ 20 വർഷം ജീവിച്ചിരുന്നാലും യാതൊരു കുഴപ്പവുമില്ല. എന്നാൽ അങ്ങനെയുള്ള ആധാരത്തിൽ ഇരിക്കരുത്. അവരെയാണ് ഹോളീഹംസമെന്ന് പറയുന്നത്. ജ്ഞാന സാഗരത്തിന്റെ തീരത്ത് വന്നിരിക്കുകയല്ലേ. അതിനാൽ ഇന്ന് ഹോളീഹംസത്തിന്റെ സ്വച്ഛത കേൾപ്പിച്ചു, വിശേഷത പിന്നീട് കേൾപ്പിക്കാം.

ടീച്ചേഴ്സിന് ചെക്ക് ചെയ്യാൻ അറിയാമല്ലോ. ടീച്ചേഴ്സിന് വിശേഷിച്ചും സമർപ്പണമാകുന്നതിന്റെ ഭാഗ്യം ലഭിച്ചിരിക്കുന്നു. കുടുംബത്തിലുള്ളവരും മനസ്സ് കൊണ്ട് സമർപ്പിതരാണ് എന്നാലും ടീച്ചേഴ്സിന്റേത് വിശേഷ ഭാഗ്യമാണ്. ഓർമ്മ സേവനം- ഇത് തന്നെയാണ് ജോലി. ഭോജനം ഉണ്ടാക്കുമ്പോഴും വസ്ത്രം

നെയ്യുമ്പോഴും – അതും യജ്ഞ സേവനമാണ്– അതും അലൗകീക ജീവിതത്തിനായി സേവനം ചെയ്യുന്നു. കുടുംബത്തിലുള്ളവർക്ക് രണ്ടും നിറവേറ്റേണ്ടി വരുന്നു. നിങ്ങൾക്ക് ഒരേയൊരു കാര്യം മാത്രമല്ലേയുള്ളൂ– ഡബിളില്ലല്ലോ? സത്യതയോടെയും ശുദ്ധതയോടെയും ബാബയിലും സേവനത്തിലും മുഴുകിയിരിക്കുന്നവർക്ക് മറ്റൊരു പ്രയത്നവും ചെയ്യേണ്ട ആവശ്യമില്ല. കേൾപ്പിച്ചിരുന്നു– യോഗ്യതയുള്ള ടീച്ചറുടെ ഭണ്ഡാരിയും, ഭണ്ഡാര(അടുക്കള)യും സദാ നിറഞ്ഞിരിക്കും. ചിന്തിക്കേണ്ടി വരില്ല– അടുത്ത മാസം എങ്ങനെ പോകും, മേള എങ്ങനെ നടക്കും, സേവനത്തിനോടൊപ്പം സാധനങ്ങൾ സ്വതവേ പ്രാപ്തമാകും. ആത്മീയ ആകർഷണം സേവനത്തെയും സേവാകേന്ദ്രത്തെയും സ്വതവേ വർദ്ധിപ്പിച്ചു കൊണ്ടിരിക്കും. വിദ്യാർത്ഥികൾ എന്ത് കൊണ്ട് കൂടുന്നില്ല, നില നിൽക്കുന്നില്ല, എന്ത് കൊണ്ട് പോകുന്നു....ഇങ്ങനെ കൂടുതൽ ചിന്തിക്കുമ്പോൾ വിദ്യാർത്ഥികൾ നില നിൽക്കില്ല. യോഗയുക്തമായി ആത്മീയതയിലൂടെ ആഹ്വാനം ചെയ്യുമ്പോൾ വിദ്യാർത്ഥികൾ സ്വതവേ വർദ്ധിക്കുന്നു. അങ്ങനെ സംഭവിക്കാറില്ലേ? അതിനാൽ മനസ്സ് സദാ ഭാര രഹിതമാക്കി വയ്ക്കൂ, യാതൊരു പ്രകാരത്തിലുമുള്ള ഭാരം പാടില്ല. ഏതെങ്കിലും പ്രകാരത്തിലുള്ള ഭാരമുണ്ടെങ്കിൽ സ്വയത്തിന്റേയോ, സേവനത്തിന്റേയോ, സേവാ സാഥികളുടേതോ..... എങ്കിൽ അത് പറക്കാൻ അനുവദിക്കില്ല, സേവനവും വർദ്ധിക്കില്ല അതിനാൽ സദാ ഹൃദയത്തെ ശുദ്ധമാക്കി വയ്ക്കു, ബാബയെ സന്തുഷ്ടമാക്കൂ. പ്രാപ്തികൾ നിങ്ങളുടെ പിന്നാലെ സ്വതവേ വന്നു ചേരും. എന്ത് കേട്ടു? സർവ്വ ആത്മീയ പ്രാപ്തികൾ ബ്രാഹ്മണർക്കുള്ളതാണ്, അപ്പോൾ എവിടെ പോകും! അധികാരം തന്നെ നിങ്ങളുടേതാണ്. അധികാരം ആർക്കും തട്ടിയെടുക്കാൻ സാധിക്കില്ല. ശരി.

സർവ്വ ഹോളീഹംസങ്ങൾക്ക്, നാനാഭാഗത്തുമുള്ള സത്യമായ ബാബയെ സന്തുഷ്ടമാക്കുന്ന സത്യമായ ഹൃദയമുള്ള ശ്രേഷ്ഠ ആത്മാക്കൾക്ക്, സദാ സ്വയത്തെ എവർറെഡിയാക്കി വയ്ക്കുന്ന നമ്പർവൺ കുട്ടികൾക്ക്, സജാ സ്വയത്തെ മഹിമായോഗ്യനാക്കുന്ന സമ്പൂർണ്ണവും സമ്പന്നവുമാക്കുന്ന, ബാബയുടെ സമീപത്തുള്ള കുട്ടികൾക്ക്, സദാ സ്വയത്തെ വജ്ര സമാനമാണെന്ന അനുഭവം ചെയ്യുന്ന അനുഭവീ ആത്മാക്കൾക്ക് ബാപ്ദാദായുടെ സ്നേഹ സ്മരണയും നമസ്തേ.

**മഹാരാഷ്ട്ര ഗ്രൂപ്പുമായുള്ള അവ്യക്ത ബാപ്ദാദായുടെ സംഭാഷണം–** സദാ സന്തുഷ്ടരാണോ? സന്തുഷ്ടം അർത്ഥം സമ്പന്നം. സന്തുഷ്ടത സ്വയത്തിനും പ്രിയപ്പെട്ടതാണ്, മറ്റുള്ളവർക്കും പ്രിയമുള്ളതാണ്. സന്തുഷ്ടതയില്ലാത്തയിടത്തെ മുൾക്കാടെന്നാണ് പറയുന്നത്. അതിനാൽ നിങ്ങൾ സർവ്വരുടെയും ജീവിതം സന്തുഷ്ടമായി. പെരുമാറ്റം എങ്ങനെയാണ്? പറക്കുന്ന കലയുള്ള ഫരിസ്ഥകളുടെ പെരുമാറ്റം പോലെയായി. അപ്പോൾ സ്ഥിതിയും ശ്രേഷ്ഠം പെരുമാറ്റവും ശ്രേഷ്ഠമായി. ലോകത്തിലുള്ളവർ മിലനം ചെയ്യുമ്പോൾ വിശേഷം ചോദിക്കാറില്ലേ? നിങ്ങളുടെ വിശേഷമെന്താണ്? സന്തോഷകരമായ സ്ഥിതിയും, ഫരിസ്ഥകളുടെ അവസ്ഥയും. രണ്ടും നല്ലതല്ലേ? സന്തുഷ്ടരായിരിക്കുന്നവരിൽ യാതൊരു മുള്ളും ഉണ്ടാകില്ല. ആദ്യം മുള്ളുകളുടെ കാട്ടിലായിരുന്നു ഇപ്പോൾ പരിവർത്തനപ്പെട്ടു. ഇപ്പോൾ പുഷ്പങ്ങളുടെ പൂന്തോട്ടത്തിലെത്തി. സദാ ജീവിതത്തിൽ ദിവ്യഗുണങ്ങളാകുന്ന പുഷ്പങ്ങളുടെ പൂച്ചെണ്ട് ഉണ്ടായി. ദിവ്യഗുണങ്ങളുടെ പൂച്ചെണ്ടിന്റെ ചിത്രം ഉണ്ടാക്കാറില്ലേ, ആ ദിവ്യഗുണങ്ങളുടെ പൂച്ചെണ്ട് ഏതാണ്? നിങ്ങൾ തന്നെയല്ലേ അതോ മറ്റാരെങ്കിലുമാണോ? മുള്ള് കൊണ്ട് പൂച്ചണ്ട് നിർമ്മിക്കാറില്ല, പൂഷ്പങ്ങളുടെ പൂച്ചെണ്ടാണ് നിർമ്മിക്കുന്നത്. കേവലം ഇലകൾ മാത്രമേയുള്ളുവെങ്കിലും പൂച്ചെണ്ട് ശരിയല്ല എന്ന് പറയും. അതിനാൽ നിങ്ങൾ സ്വയം ദിവ്യഗുണങ്ങളുടെ പൂച്ചെണ്ട് അർത്ഥം സന്തുഷ്ടരായി. നിങ്ങളുടെ സമ്പർക്കത്തിൽ വരുന്നവർക്കെല്ലാം പുഷ്പങ്ങളുടെ സുഗന്ധം വന്നു കൊണ്ടിരിക്കും, സന്തുഷ്ടത കണ്ട് അവർ സന്തോഷിക്കും. ശക്തിയുടെയും അനുഭവം ചെയ്യും അതിനാൽ ഇന്നത്തെ കാലത്ത് ഡോക്ടേഴ്സും പറയുന്നു– പൂന്തോട്ടത്തിൽ പോയി നടക്കൂവെന്ന്. സന്തുഷ്ടത മറ്റുള്ളവരെയും ശക്തിശാലിയാക്കുന്നു, സന്തോഷത്തിൽ കൊണ്ടു വരുന്നു അതിനാൽ നിങ്ങൾ പറയുന്നു– ഞങ്ങൾ എവർഹാപ്പിയാണ് (സദാ സന്തുഷ്മാണ്) എന്ന്. വെല്ലുവിളിക്കുന്നുമുണ്ട്– ആർക്കെങ്കിലും എവർഹാപ്പിയാകണമെങ്കിൽ ഞങ്ങളുടെയടുത്ത് വരൂ എന്ന്. നിങ്ങൾ സർവ്വർക്കും ബാബയുടെ സ്മൃതി നല്കുന്നു. അതിനാൽ സദാ ആരോഗ്യശാലി, സദാ സമ്പന്നം, സദാ ഹാപ്പി.– ഇത് നിങ്ങളുടെ ജന്മസിദ്ധ അധികാരമാണ് ഈ അധികാരം നിങ്ങൾക്ക് ലഭിച്ചില്ലേ. സർവ്വരോടും പറയുന്നു– ജന്മസിദ്ധ അധികാരമെന്ന്. ശരീരത്തിന് രോഗമാണെങ്കിലും മനസ്സ് ആരോഗ്യശാലിയല്ലേ. മനസ്സ് ഹാപ്പിയാണെങ്കിൽ ലോകവും ഹാപ്പി, മനസ്സ് രോഗിയായാൽ ശരീരം മഞ്ഞളിക്കുന്നു. മനസ്സ് ശരിയാണെങ്കിൽ ശരീരത്തിന്റെ രോഗം ഫീലാകില്ല. അങ്ങനെ സംഭവിക്കാറില്ലേ. കാരണം നിങ്ങളുടെയടുത്ത് വളരെ വലിയ സന്തോഷത്തിന്റെ ടോണിക്ക് ഉണ്ട്. അത് രോഗത്തെ ഓടിക്കുന്നു, മറപ്പിക്കുന്നു. അതിനാൽ മനസ്സ് സന്തോഷം, ലോകവും സന്തോഷം, ജീവിതവും സന്തോഷം അതിനാൽ സദാ സമ്പന്നവുമാണ്, സദാ ആരോഗ്യശാലികളുമാണ്, സദാ ഹാപ്പിയുമാണ്. സ്വയം ആയത് കൊണ്ട് മറ്റുള്ളവരെയും വെല്ലുവിളിക്കാൻ സാധിക്കുന്നു. അല്ലായെങ്കിൽ വെല്ലുവിളിക്കാനാകില്ല. സ്വയത്തെ കണ്ട് മറ്റുള്ളവരുടെ

മേൽ ദയ തോന്നുന്നു കാരണം സ്വന്തം പരിവാരമല്ലേ. എങ്ങനെയുള്ള ആത്മാക്കളായിക്കോട്ടെ ഒരേ പരിവാരത്തിലേതാണ്. ആരെ കാണുമ്പോഴും എന്റെ സഹോദരനാണ്, എന്റെ തന്നെ പരിവാരമാണ് എന്ന അനുഭവം ചെയ്യും. പരിവാരത്തിൽ ചിലർ വളരെ അടുത്തുള്ളവരായിരിക്കാം, ചിലർ ദൂരെയുള്ളവരാകാം. എന്നാലും പരിവാരത്തിലേതെന്നല്ലേ പറയുന്നത്?

ബാബ ദയാമനസ്കനാണ്. ബാബയോട് ഇത് തന്നെയാണ് യാചിക്കുന്നത്– കൃപ കാണിക്കൂ, ദയ കാണിക്കൂ എന്ന്. അതിനാൽ നിങ്ങളും കൃപ കാണിക്കില്ലേ, ദയ കാണിക്കില്ലേ കാരണം ബാബയ്ക്ക് സമാനം നിമിത്തമായിരിക്കുന്നു. ബ്രാഹ്മണാത്മാവിന് ഒരിക്കലും ആരെയും പ്രതി വെറുപ്പ് ഉണ്ടാകില്ല. ദയയുണ്ടായിരിക്കും, വെറുപ്പുണ്ടാകില്ല. കാരണം അറിയാം, കംസനാകട്ടെ, ജരാസന്ധിയാകട്ടെ, രാവണനാകട്ടെ– ആരുമാകട്ടെ എന്നാലും ദയാമനസ്കനായ ബാബയുടെ കുട്ടികൾക്ക് വെറുക്കാൻ സാധിക്കില്ല. പരിവർത്തനത്തിന്റെ ഭാവന വയ്ക്കും, മംഗളത്തിന്റെ ഭാവന വയ്ക്കും. എന്നാലും തന്റെ പരിവാരമാണ്, പരവശരാണ്. പരവശരായവരുടെ മേൽ ഒരിക്കലും വെറുപ്പ് ഉണ്ടാകില്ല. സർവ്വരും മായക്ക് വശപ്പെട്ടിരിക്കുന്നു. അതിനാൽ പരവശരായവരുടെ മേൽ ദയ ഉണ്ടാകുന്നു. വെറുപ്പില്ലാത്തയിടത്ത് ക്രോധവും ഉണ്ടാകില്ല. വെറുപ്പ് ഉണ്ടാകുമ്പോൾ ആവേശം ഉണ്ടാകുന്നു, ക്രോധം വരുന്നു, ദയയുള്ളയിടത്ത് ശാന്തിയുടെ ദാനം ചെയ്യും. ദാതാവിന്റെ മക്കളല്ലേ. അതിനാൽ ശാന്തി നല്കില്ലേ. ശരി.

## വരദാനം– ജ്ഞാനത്തിന്റെ ഖജനാവിലൂടെ മുക്തി–ജീവൻമുക്തിയുടെ അനുഭവം ചെയ്യുന്ന സർവ്വ ബന്ധനമുക്തരായി ഭവിക്കട്ടെ.

ജ്ഞാന രത്നങ്ങളുടെ ഖജനാവ് ഏറ്റവും ശ്രേഷ്ഠമായ ഖജനാവാണ്, ഈ ഖജനാവിലൂടെ ഈ സമയത്ത് തന്നെ മുക്തി–ജീവൻമുക്തിയുടെ അനുഭവം ചെയ്യാൻ സാധിക്കും. ദുഃഖത്തിന്റെ.യും അശാന്തിയുടെയും സർവ്വ കാരണങ്ങളെയും സമാപ്തമാക്കി, അനേക ബന്ധനങ്ങളുടെ ചരടുകളെ മുറിച്ച് മുക്തി അഥവാ ജീവൻമുക്തിയുടെ അനുഭവം ചെയ്യുന്നവരാണ് ജ്ഞാനി ആത്മാക്കൾ. അനേക വ്യർത്ഥ സങ്കല്പങ്ങളിൽ നിന്നും, വികല്പങ്ങളിൽ നിന്നും, വികർമ്മങ്ങളിൽ നിന്നും സദാ മുക്തമായിരിക്കുക– ഇത് തന്നെയാണ് മുക്തി–ജീവൻമുക്തിയുടെ അവസ്ഥ.

## സ്ലോഗൻ– തന്റെ ശക്തിശാലി മനോവൃത്തികളിലൂടെ അന്തരീക്ഷത്തെ പരിവർത്തനം ചെയ്യുന്നവരാണ് വിശ്വ പരിവർത്തകർ.